# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം 33)

**(ഹാജർ: യു.വി.ജോസ്, ഐ.എ.എസ്.)**

എൽ.ആർ.ഇ5-2000/2019 തിയതി:18.01.2019.

വിഷയം: ജീവനക്കാര്യം- ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും - തിരുത്തൽ/അനുബന്ധ നടപടിക്രമം പുറപ്പെടുവിക്കുന്നത്.

പരാമർശം :
1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 09/2018-ലെ എൽ. ആർ. ഇ-9710/2018 നമ്പർ നടപടിക്രമം.
2. കോട്ടയം ജില്ലാ കളക്ടറുടെ 14.11.18 ലെ എ1-1912/2018 നമ്പർ റിപ്പോർട്ട്.
3. ഈ കാര്യാലയത്തിലെ 17.01.19 ലെ മേൽ നമ്പർ നടപടിക്രമം.
4. ഈ കാര്യാലയത്തിലെ അച്ചടക്ക നടപടി വിഭാഗത്തിൽ നിന്നും 18.01.19 ന് ലഭിച്ച നോട്ട്.

(1) കോട്ടയം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വി.ഒ./എച്ച്.സി/ആർ.ഐ തസ്തികയിൽ ജോലി നോക്കി വന്നിരുന്ന ശ്രീ.ജോബി തോമസ് (വി.ഒ./എച്ച്.സി/ആർ.ഐ. സീനിയോറിറ്റി നമ്പർ 8877) എന്നവരുടെ ടി തസ്തികയിലെ പ്രൊബേഷൻ കോട്ടയം ജില്ലാ കളക്ടറുടെ ശിപാർശയെ തുടർന്ന് പരാമർശം (1) ഉത്തരവു പ്രകാരം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവായിരുന്നു. കൂടാതെ ഡി.റ്റി./ജെ.എസ്. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വി.ഒ./എച്ച്.സി/ആർ.ഐ. സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നമ്പർ 8851 മുതൽ 9100 വരെയുള്ളവരുടെ അച്ചടക്ക നടപടി വിവരം, ജോലി നോക്കുന്ന ജില്ല, മറ്റ് വിവരങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.ജോബി തോമസ് എന്നിവർക്ക് എതിരെ അച്ചടക്ക നടപടി നിലവിലുള്ളതായോ, ടിയാൻ നിലവിൽ സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായോ രേഖപ്പെടുത്തിയിരുന്നില്ല. ആകയാൽ വി.ഒ./എച്ച്.സി/ആർ.ഐ. സീനിയോറിറ്റി ലിസ്റ്റിൽ 8877-ാം റാങ്കുകാരനായ ശ്രീ.ജോബി തോമസ് എന്നവർക്ക് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച നടപടിക്രമത്തിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടിയാനെതിരെ അച്ചടക്ക നടപടി നിലവിലുള്ളതായി പരാമർശം (4) പ്രകാരം ഈ കാര്യാലയത്തിലെ അച്ചടക്ക നടപടി വിഭാഗത്തിൽ നിന്നും നോട്ട് ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ.ജോബി തോമസ് (റാങ്ക് 8877) എന്നവർക്ക് പരാമർശം (3) സ്ഥാനക്കയറ്റ നടപടിക്രമത്തിൽ ക്രമ നമ്പർ (19) പ്രകാരം ഡി.റ്റി./ജെ.എസ്. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഇടുക്കി ജില്ലയിൽ നിയമനം നൽകിയ നടപടി റദ്ദു ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(2) എറണാകുളം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ ജോലി നോക്കി വരുന്ന വ്യക്തിയും വി.ഒ./എച്ച്.സി/ആർ.ഐ. സീനിയോറിറ്റി ലിസ്റ്റിൽ 8855-ാം റാങ്കുകാരിയായ ശ്രീമതി.ബിന്ദു ചന്ദ്രൻ.കെ. എന്നവരുടെ ജനന തീയതി 30.05.1963 എന്ന് കണക്കാക്കി ടിയാരി 31.05.2019 ൽ വിരമിക്കുന്നു എന്ന നിഗമനത്തിൽ പരാമർശം (3) നടപടിക്രമത്തിൽ ടിയാരിയ്ക്ക് ഡി.റ്റി./ജെ.എസ്. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് എറണാകുളം ജില്ലയിൽ നിയമനം നൽകി

യിരുന്നു. എന്നാൽ ടിയാരിയുടെ ജനന തീയതി 30.05.1968 എന്ന് വ്യക്തമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (3) സ്ഥാനക്കയറ്റ ഉത്തരവിൽ ക്രമ നമ്പർ (3) പ്രകാരം ശ്രീമതി.ബിന്ദു ചന്ദ്രൻ.കെ. എന്നവർക്ക് (റാങ്ക്-8855) ഡി.റ്റി./ജെ.എസ്. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ല എന്ന കോളത്തിൽ എറണാകുളം എന്ന് രേഖപ്പെടുത്തിയിരുന്നത് ഭേദഗതി ചെയ്ത് ഇടുക്കി എന്ന് മാറ്റം വരുത്തിയിരിക്കുന്നു. ടി ഭേദഗതി മുഖാന്തിരം എറണാകുളം ജില്ലയിൽ നിലവിലുണ്ടാകുന്ന ഒഴിവിൽ എറണാകുളം ജില്ലയിലേയ്ക്ക് റീ അലോട്ട്മെന്റ് ലഭിക്കേണ്ട വ്യക്തിയും നിലവിൽ മലപ്പുറം ജില്ലയിൽ ഡി.റ്റി/ജെ.എസ്. തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി.തുഷാര. എൻ.പി. എന്നവർക്ക് സ്ഥലം മാറ്റം അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(3) ശ്രീമതി.തുഷാര.എൻ.പി. എന്നവർക്ക് മലപ്പുറം ജില്ലയിൽ നിന്നും എറണാകുളം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചതു മൂലം ഉണ്ടാകുന്ന ഒഴിവിൽ പരാമർശം (3) സ്ഥാനക്കയറ്റ ഉത്തരവിൽ ക്രമ നമ്പർ 23 പ്രകാരം ശ്രീ.വിനിൽ.പി.കെ. എന്നവരെ (റാങ്ക്-8881) മലപ്പുറം ജില്ലയിൽ നിന്നും സ്ഥാനക്കയറ്റം അനുവദിച്ച് കാസർഗോഡ് ജില്ലയിൽ നിയമനം നൽകിയത് ഭേദഗതി വരുത്തി സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ല മലപ്പുറം എന്നു മാറ്റം വരുത്തിയിരിക്കുന്നു.

(4) ശ്രീ.ജോബി തോമസ് എന്നവർക്ക് നൽകിയ സ്ഥാനക്കയറ്റം റദ്ദു ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ (എൽ.ആർ.റ്റി2-2016/16 തീയതി 06.06.17 നമ്പർ സീനിയോറിറ്റി ലിസ്റ്റ്) വി.ഒ./എച്ച്.സി/ആർ.ഐ. സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയോറിറ്റി ക്രമത്തിൽ പരാമർശം (3) സ്ഥാനക്കയറ്റ ഉത്തരവിൽ പരാമർശിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി താഴെ പരാമർശിക്കും പ്രകാരം ഡി.റ്റി./ജെ.എസ്. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| വി.ഒ./എച്ച്.സി/ ആർ.ഐ. സീനിയോറിറ്റി നമ്പർ | പേര് | നിലവിൽ ജോലി നോക്കുന്നജില്ല | സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ല | റിമാർക്ക്സ് |
|---|---|---|---|---|
| 8891 | അഭിലാഷ്.എ.ആർ. | തിരുവനന്തപുരം | കാസർഗോഡ് | |

ടി ഭേദഗതി/അനുബന്ധ ഉത്തരവിൽ പരാമർശിക്കും പ്രകാരം ജീവനക്കാരെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ 25.01.2019 ന് മുമ്പായി ടിയാളുകളുടെ ലാവണങ്ങളിൽ നിന്നും വിടുതൽ നൽകേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

ബന്ധപ്പെട്ട വ്യക്തിയ്ക്ക്.
(ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്: 1. ജില്ലാ കളക്ടർ, എറണാകുളം, മലപ്പുറം, ഇടുക്കി, കാസർഗോഡ്, തിരുവനന്തപുരം, കോട്ടയം.
2. സി.എ.ടു കമ്മീഷണർ/ജോയിന്റ് കമ്മീഷണർ.
3. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

റ്റി3.